പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: **4436**

**17.12.2014** ൽ മറുപടിക്ക്

## താനൂർ തീരപ്രദേശത്തെ കടലാക്രമണം കാരണം വൻ നഷ്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | താനൂർ തീരപ്രദേശത്തെ പണ്ടാര കടപ്പുറം, എടക്കടപ്പുറം, ഒസ്സാൻ കടപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ കടലാക്രമണം കാരണം കര നഷ്ടപ്പെട്ട് വൻ നാശനഷ്ടങ്ങൾ സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കാൻ നടപടിയുണ്ടാകുമോ; | (ബി) | പണ്ടാര കടപ്പുറത്തും ഒസ്സാൻ കടപ്പുറത്തും കടൽഭിത്തി നിർമ്മിക്കാൻ നടപടി എടുത്തു വരുന്നു. |
| (സി) | പണ്ടാരകടപ്പുറം, എടക്കടപ്പുറം, ഒസ്സാൻപ്പുറം, ചാച്ചപ്പടി, ഒട്ടുമ്പുറം, ചീരാൻ കടപ്പുറം, പുതിയ കടപ്പുറം എന്നിവിടങ്ങളിലെ കടൽഭിത്തിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (സി) | പണ്ടാര കടപ്പുറത്ത് 207 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുവാനും പുനരുദ്ധാരണത്തിനും ഉടമ്പടി വെച്ചിട്ടുണ്ട്. പണ്ടാരകടപ്പുറത്ത് 415 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഒസ്സാൻ കടപ്പുറത്ത് 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയ്ക്ക് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. കൂടാതെ ഫിഷിംഗ് ഗ്യാപ് അടയ്ക്കുവാനുള്ള ഒരു പ്രവൃത്തിയുടെ ഉടമ്പടി വെച്ചിട്ടുണ്ട്. ചീരാൽ കടപ്പുറത്ത് കടൽഭിത്തിയുടെ 3 അറ്റകുറ്റ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ഡി) | പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | ടെൺണ്ടർ നടപടികൾ പൂർത്തിയായതിനാൽ പ്രവൃത്തികൾ ഉടൻ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ